# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5919 09.07.2012 – ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; | (എ) & (ബി) പൊതുമരാമത്ത് പ്രവൃത്തികൾ വിവിധ തലത്തിലുള്ള എഞ്ചിനീയർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്. വകുപ്പ് തലത്തിലെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റേയും വിജിലൻസ് വിഭാഗത്തിന്റേയും പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കുന്നുണ്ട്. മേഖലാടിസ്ഥാനത്തിൽ പുതുതായി 3 പരിശോധനാ സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടീമുകൾക്ക് സാംബിൾ എടുക്കുന്നതിനും പരിശോധനകൾ നടത്തുന്നതിനുമുള്ള ഇൻഫ്രാ സ്ട്രക്ചർ ഒരുക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. സ്ഥിരം സംവിധാനം എന്ന നിലയിൽ പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ രണ്ട് |
| (ബി) ഇപ്പോൾ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നത് ; | |

ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ (എറണാകുളം & തൃശ്ശൂർ) പ്രവൃത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ സാധന സാമഗ്രികളുടെ ഗുണമേന്മ പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പണി നടക്കുന്ന സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ പണികളുടെ ഗുണനിലവാരം ഉറപ്പാക്കാറുണ്ട്. കെ. എസ്. ടി. പി പദ്ധതിയിൽ വിദഗ്ദ ഏജൻസികളെക്കൊണ്ട് നിലവിലുള്ള റോഡിന്റെ പോരായ്മകൾ ശാസ്ത്രീയമായി തിട്ടപ്പെടുത്തി രൂപകല്പന ചെയ്താണ് എസ്റ്റിമേറ്റ് എടുക്കുന്നത്. നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ടെക്നിക്കൽ ഓഡിറ്റും കെ. എസ്. ടി. പി നടത്തുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, പ്രോജക്ട് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ സംഘം വിലയിരുത്തി ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്.

(സി) എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

(സി) ഉണ്ട്. ജില്ലാതലത്തിൽ സാധന സാമഗ്രികളുടെ ഗുണമേന്മ പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**